# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:642 — 29.06.2015-ൽ മറുപടിയ്ക്ക്

### ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിലുള്ള വീഴ്ച

**ചോദ്യം**
**ശ്രീമതി.കെ.കെ.ലതിക**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിനും അവബോധ പരിപാടികളും പരിശീലനവും നൽകുന്നതിനും ആശുപത്രിയിലുള്ള രോഗികളെ പരിചരിക്കുന്നതിനുമായി 2014-15-ലെ ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 9 കോടി രൂപയിൽ 4 കോടി 98 ലക്ഷത്തി രണ്ടായിരം രൂപ മാത്രമേ ചെലവാക്കാൻ കഴിഞ്ഞുള്ളു എന്നത് പട്ടികവർഗ്ഗ വികസനത്തിന്റെ ഗുണഫലങ്ങൾ അവരിലേക്ക് പൂർണ്ണമായും എത്തിക്കാൻ സാധിക്കുന്നതിലുള്ള സർക്കാരിന്റെ വീഴ്ചയായി കരുതുന്നുണ്ടോ; | എ) | വീഴ്ചയായി കരുതുന്നില്ല. |
| ബി) | ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | ബി) | എസ്.റ്റി / ഹെൽത്ത് പ്രൊമോട്ടർമാർക്ക് നിലവിൽ ഓണറേറിയം 4000/- രൂപയും ഹെൽത്ത് പ്രൊമോട്ടർമാർക്ക് അധികമായി യാത്രാബത്ത പ്രതിമാസം 500/- രൂപയും നൽകിവരുന്നു. എസ് റ്റി / ഹെൽത്ത് പ്രൊമോട്ടർമാരുടെ ഓണറേറിയം 8,000/- രൂപയായും യാത്രാബത്ത 1,000/- രൂപയായും വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള ബജറ്റ് നിർദ്ദേശത്തിൽ തീരുമാനം |

| | | | |
|---|---|---|---|
| | | | ആവാത്തതിനാലാണ് ബജറ്റിൽ വകയിരുത്തിയിരുന്ന മുഴവൻ തുകയും ചെലവഴിയ്ക്കാൻ സാധിക്കാതിരുന്നത്. |
| സി) | നടപ്പ് സാമ്പത്തിക വർഷം ഇതിലേക്കായി എന്ത് തുകയാണ് വകയിരുത്തിയതെന്ന് അറിയിക്കുമോ? | സി) | നടപ്പു സാമ്പത്തിക വർഷം 1100.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ